# വനശ്രീ പരിസ്ഥിതി ക്ലബ്ബ്

## ഗവ. ഹയർസെക്കറി സ്കൂൾ

**കരുവാരകു് - മലപ്പുറം ജില്ല.**

## പ്രവർത്തന റിപ്പോർട്ട്

## 2009-10

# ആമുഖം

മികവിന്റെ കേന്ദ്രമായി  ഈ വർഷം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കേരളത്തിലെ ആദ്യ വിദ്യാലയമാണ് ഗവ. ഹയർസെക്കറി സ്കൂൾ കരുവാരകുണ്ട്. മലപ്പുറം ജില്ലയിലെ മലയോര പ്രദേശവും സൈലന്റ് വാലി ദേശീയ ഉദ്യാനത്തിന്റെ സംരക്ഷിത വനമേഖലയിൽപെടുന്നതുമായ പ്രകൃതിയാൽ അനുഗ്രഹീതവുമായ ഗ്രാമമാണ് കരുവാരകുണ്ട്. 5 മുതൽ 12 വരെ ക്ലാസുകളിലായി നാലായിരത്തിലധികം വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്.

ഈ വർഷമാണ് സ്കൂൾ ഷിഫ്റ്റ് സമ്പ്രദായത്തിൽനിന്നും പൂർണ്ണായും വിമുക്തമായത്.

കഴിഞ്ഞ 7 വർഷത്തിലധികമായി പ്രവർത്തിക്കുന്ന സ്കൂളിലെ പരിസ്ഥിതി കൂട്ടായ്മയാണ് ***‘വനശ്രീ.’*** ഹരിതസേനയുടെ ആരംഭം മുതൽതന്നെ അതിന്റെ അനുബന്ധ ഘടകമായാണ് പ്രവർത്തിക്കുന്നത്. *‘പുഴകാക്കാൻ മുള’* എന്ന നൂതനമായ പദ്ധതി നാട്ടിൽ ഏറ്റെടുത്ത് നടപ്പാക്കാൻ തുടക്കത്തിലേ നടത്തിയ ശ്രമം മുഴുവൻ ജനങ്ങളുടേയും ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു.

കഴിഞ്ഞ വർഷത്ത് ക്ലബ്ബിന്റെ പ്രവർത്തനത്തിന്റെ രത്നചുരുക്കമാണ് ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്.

# ഓരോ പ്രവർത്തനത്തിന്റേയും വിവിധ ഘട്ടങ്ങൾ

ഓരോ പ്രവർത്തന പദ്ധതികളും നിയതമായ ചില ഘട്ടങ്ങളിലൂടെ കടന്നുപോകാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കാറുു. പഠനപ്രവർത്തനവും പരിസ്ഥിതി പ്രവർത്തനവും അതുകൊുതന്നെ ഒന്നിനൊന്ന് പൂരകമായാണ് ഞങ്ങൾക്ക് അനുഭവപ്പെടുന്നത്.

- ഒരു പ്രശ്നമേഖല കത്തെുകയും അതിനെക്കുറിച്ച് ക്ലബ്ബുപ്രവർത്തകരുമായി കൂടിയാലോചിക്കുകയും ചെയ്യുന്നതോടെ ഒരു പ്രവർത്തനത്തിന് തുടക്കമാകുന്നു.
- വിഷയത്തെക്കുറിച്ച് കൂടുതൽ അറിവ് പകർന്നുതരാൻ കഴിയുന്ന സമൂഹത്തിലെ പ്രഗത്ഭവ്യക്തികളുടെ ക്ലാസ് അല്ലെങ്കിൽ അവരുമായുള്ള ആശയവിനിമയം നടക്കുന്നു.
- ഈ മേഖലയിൽ പ്രത്യക്ഷ അനുഭവം സാധ്യമാക്കുന്ന പഠനയാത്ര/ക്യാമ്പ് ആണ് ഞങ്ങളുടെ പ്രവർത്തനത്തിന് ഊർജ്ജവും വെളിച്ചവും പകരുന്നത്.
- അറിവും അനുഭവവും കടന്നാൽ ആയിത്തീരൽ ആണ് അടുത്തത്. ഞങ്ങൾ ഞങ്ങളുടെ ചുറ്റുപാടിൽ ചിലപ്രവർത്തനങ്ങൾക്ക് രൂപം നൽകുകായായി.
- പഠനപ്രവർത്തനത്തിന്റെ അനുഭവം വിലയിരുത്തുകയും സമൂഹവുമായി സംവദിക്കാനുള്ള അവസരം ആവുന്നത്ര പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- പ്രവർത്തനങ്ങളുടെ പൂർണ്ണരൂപം ഡോക്യുമെന്റ് ചെയ്ത് വെയ്ക്കുന്നതിലൂടെ ഒരു റഫ്രൻഷ്യൽ മെറ്റീരിയൽ ആയിമാറുന്നു.

# 'ഗാർബേജ് ടു ഗാർഡൻ'

വിദ്യാലയ പരിസരത്തെ മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്യാനും പരിസരം മനോഹരമാക്കാനുമുള്ള ഒരു പദ്ധതിയാണിത്. നിലമ്പൂർ വനഗവേഷണ കേന്ദ്രത്തോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന തേക്ക് മ്യൂസിയത്തിൽവെച്ച് നടന്ന രുദിവസത്തെ ചിത്രശലഭ നിരീഷണ പഠന ക്യാമ്പ് ഞങ്ങൾക്ക് പുതിയ ഒരു അനുഭവമമായിരുന്നു. ഈ അറിവിന്റെ അടിസ്ഥാനത്തിൽ ചിത്രശലഭങ്ങളെക്കൂടി വിദ്യാലയത്തിലേക്ക് ആകർഷിക്കാൻ 'ചിത്രശലഭ പൂന്തോട്ട'നിർമ്മാണം ഞങ്ങളേറ്റെടുത്തു. പെട്ടെന്ന് പുഷ്പിക്കുന്ന സീനിക, ഓണപ്പൂവ്, ചെുമല്ലി തുടങ്ങിയവയും നീകാലം നിൽക്കുന്ന തെച്ചി, ചെമ്പരത്തി തുടങ്ങിയ ചെടികളുമാണ് പൂമ്പാറ്റകളെ ആകർഷിക്കാൻ ഏറ്റവും നല്ലത്. പെട്ടെന്ന് പുഷ്പിക്കുന്ന ചെടിത്തോട്ടത്തിലൂടെ ഞങ്ങൾ നടത്തിയ പരീക്ഷണം വിജയമാണെന്ന് ഞങ്ങൾകു. ഇപ്പോൾ എല്ലാ ക്ലാസുകൾക്ക് മുന്നിലും സ്ഥിരം പൂന്തോട്ടം രൂപപ്പെട്ടുവരുന്നു. ക്ലാസുകൾക്ക് ചുറ്റുമുള്ള മാലിന്യ കൂമ്പാരങ്ങൾ സുഗന്ധവും വൈവിധ്യ വർണ്ണങ്ങളും വാരിവിതറുന്ന പൂന്തോട്ടങ്ങളായി മാറുന്നു.

# വെയ്സ്റ്റ് ടു വെൽത്ത്

സ്കൂൾ പരിസരത്തിലെ മാലിന്യ സംസ്കരണം ഒരു വലിയ വെല്ലുവിളിയായിരുന്നു. പ്രത്യേകിച്ചും ഉച്ചഭക്ഷണ അവശിഷ്ടവും ക്ലാസുകളിൽനിന്നും പുറന്തള്ളുന്ന മറ്റു മാലിന്യങ്ങളും ഇതിനു പരിഹാരം കത്തൊനുള്ള പ്രവർത്തനം കൃഷിയുമായി ബന്ധപ്പെടുത്തിയാണ് ഞങ്ങൾ ചെയ്തത്. കൃഷി ഒരു സംസ്കാരമായി കാണാത്തത് ഇന്ന് പാഠപുസ്തകം ചർച്ചചെയ്യുന്ന ഒരു പ്രധാന പ്രശ്നമേഖലയാണല്ലോ. കൃഷിയെക്കുറിച്ച് നാട്ടിൽ നടത്തിയ പ്രവർത്തനം പല അറിവുകളും ഞങ്ങൾക്ക് നൽകി.

- നെൽകൃഷി വ്യാപകമായി കുറയുന്നു.
- നാണ്യവിളകളാണ് കർഷകർ കൂടുതലായി കൃഷിചെയ്യുന്നത്.
- പച്ചക്കറി കൃഷി നാമമാത്രമാണ്.
- രാസവളങ്ങളും രാസകീടിനാശിനികളുമാണ് കൂടുതൽ ഉപയോഗിക്കുന്നത്.
- ജൈവവളങ്ങൾ വിലക്കൂടിയതാണ്.
- ജൈവ കൃഷി സമ്പ്രദായമാണ് മണ്ണിനെ ജീവസുറ്റതാക്കിമാറ്റാനുള്ള ഏക പോംവഴി.

ഈ അടിസ്ഥാനത്തിൽ ജൈവ കൃഷി ഞങ്ങളുടെ സ്കൂൾ പരിസരത്ത് പരിശീലിപ്പിക്കാൻ ഞങ്ങൾ തീർച്ചപ്പെടുത്തി. ജൈവ കൃഷിയെക്കുറിച്ച് നടത്തിയ ക്ലാസ്സും (ശ്രീമാൻ എം. എൻ. നമ്പൂതിരിപ്പാട്) പച്ചക്കറികൃഷിയെക്കുറിച്ച് നടത്തിയ ക്ലാസ്സും (കൃഷി ഓഫീസർ കരുവാരകുറ് ) ഞങ്ങൾക്ക് വളരെ ഉപകാരപ്രദമായി.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ ഒരു മണ്ണിര കമ്പോസ്റ്റ് നിർമ്മാണവും ഞങ്ങൾ നടത്തി. ഈ വർഷം മുതൽ ഭക്ഷണ അവശിഷ്ടങ്ങൾ ശേഖരിക്കാനും അത് മണ്ണിര കമ്പോസ്റ്റിൽ നിക്ഷേപിക്കാനുമുള്ള പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു.

'പഠനത്തോടൊപ്പം ആരോഗ്യം' എന്ന പദ്ധതിയായിരുന്നു 'കൂൺകൃഷി'. സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിന്റെ സഹായസഹകരണത്തോടെയാണ് ഇത് നടപ്പിലാക്കിയത്. കഴിഞ്ഞ വർഷത്തെ കൃഷി അനുഭവങ്ങൾ ഞങ്ങൾ തിരുവന്തപുരത്ത് വെച്ച് നടന്ന ബാലകൃഷി ശാസ്ത്രകോൺഗ്രസ്സിൽ അവതരിപ്പിച്ചിരുന്നു.

## ജൈവവൈവിധ്യ വർഷം - മുന്നൊരുക്കങ്ങൾ

2010 അന്താരാഷ്ട്ര ജൈവ വൈവിധ്യ വർഷമാണ്. അതിന്റെ മുന്നോടിയായി 2009 ൽ തന്നെ ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ പ്രധാന്യത്തേയും സംപോഷണത്തിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഞങ്ങൾ ചിന്തിക്കാൻ ആരംഭിച്ചിരിരുന്നു. കേരളത്തിലെ പ്രമുഖ പരിസ്ഥിതി പ്രവർത്തകരും ജൈവ വൈവിധ്യ ശാസ്ത്രജ്ഞൻമാരും (ഡോ. സതീഷ് ചന്ദ്ര, തിരുവന്തപുരം, എസ്. ശിവദാസ്, സൈലന്റ് വാലി, ടോണി മാത്യു, മണ്ണാർക്കാട്, ഡോ. ഹരിനാരായണൻ, ജൈവവൈവിധ്യബോർഡ്) ഞങ്ങളുടെ വിദ്യാലയം സന്ദർശിക്കുകയും വേ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജൈവവൈവിധ്യത്തിന്റെ കലവറയായ പറമ്പിക്കുളം വന്യജീവി സങ്കേതത്തിലെ രുദവസത്തെ ക്യാമ്പ് വലിയ ഉൾക്കാഴ്ചയാണ് പ്രധാനംചെയ്തത്. പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരത്തിന്റെ ഒരു വ്യത്യസ്തമായ പാഠവും ഞങ്ങൾക്കവിടെനിന്ന് കിട്ടി. അവിടെ നട്ടുവളർത്തിയ ഔഷധതോട്ടത്തിന്റെ മാതൃകയിൽ ഒരൗഷധത്തോട്ടം വിദ്യാലയ പരിസരത്ത് നട്ടുപിടിപ്പിക്കാൻ ഉള്ളപദ്ധതി വൻ വിജയമാണ്. കൂടാതെ വിദ്യാലയ അങ്കണത്തിലെ ഔഷധ സസ്യങ്ങളുടെ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാനും ഞങ്ങൾക്ക് കഴിഞ്ഞു.

## ജലം അമൃതാണ് - അത് പാഴാക്കരുത്.

അടുത്ത ലോക യുദ്ധം ജലത്തിനുവേിയാണെന്നാണല്ലോ പറയുന്നത്. പ്ലാച്ചിമടയിലെ കുടിവെള്ളത്തിനുള്ള സമരം ലോക ശ്രദ്ധ പിടിച്ചുപറ്റിയിട്ട്. പക്ഷെ നമ്മൾ അതെത്രത്തോളം ഉൾക്കൊ് പ്രവർത്തിക്കുന്നു എന്നതാണ് പ്രധാന വസ്തുത. മലിനമായ കുളങ്ങളും കിണറുകളും പുഴയും നമ്മളെന്നും കാണുന്നു. നിർമ്മല ജലത്തിന്റെ ഉറവിടത്തെ തേടി ഞങ്ങൾ ഒരു യാത്രപുറപ്പെട്ടു. കടലുിപ്പുഴയുടെ ഉത്ഭവം ഞങ്ങളുടെ നാട്ടിലെ മലഞ്ചെരിവിൽനിന്നാണ്. അവിടെനിന്നും താഴെയെത്തുമ്പോൾ മനുഷ്യരുടെ ഇടപെടലിലൂടെ പുഴയ്ക്കുസംഭവിക്കുന്ന ശോഷണവും മലിനീകരണവും ഞങ്ങൾ നേരിട്ട് മനസ്സിലാക്കി. വിദ്യാലയത്തിൽ വെള്ളം ശാസ്ത്രീയമായി ഉപയോഗിക്കുന്ന പദ്ധതിയുടെ ഭാഗമായി വെള്ളം പാഴാക്കിക്കളയാതിരിക്കാൻ ബോധവൽക്കരണ ബോർഡുകൾ പൈപ്പുകൾക്ക് സമീപം സ്ഥാപിച്ചിട്ടു്. കുട്ടികൾക്ക് കുടിക്കാനും കൈ കഴുകാനുമുള്ള പൈപ്പുകൾ മരച്ചുവടുകളിലേക്കും പച്ചക്കറിത്തോട്ടത്തിലേക്കും മാറ്റി സ്ഥാപിക്കാനുള്ള പദ്ധതി പി. ടി. എ. ക്ക് സമർപ്പിച്ചിരിക്കുന്നു.

വിദ്യാർത്ഥികളിൽ വലിയ തോതിൽ ഈ വിഷയത്തിൽ അവബോധം ഉാക്കാൻ ജില്ലയിൽ ആദ്യമായി ഞങ്ങളുടെ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജില്ലാ പരിസ്ഥിതി കോൺഗ്രസ്സ് സംഘടിപ്പിച്ചു. തണ്ണീർതട സംരക്ഷണം എന്നതായിരുന്നു സമ്മേളനത്തിന്റെ പ്രമേയം പതിനാല് വിദ്യാലയങ്ങളിൽനിന്നായി 120 വിദ്യാർത്ഥികൾ പങ്കെടുത്തു. ബഹു. എം. എൽ. എ. ശ്രീ. എ. പി. അനിൽകുമാർ ആണ് സമാപന സമ്മേളനത്തിൽ പങ്കെടുത്തത്.

## കാട്ടുതീക്ക് എതിരെ ബോധവൽക്കരണം.

കേരള വനംവകുപ്പുമായി സഹകരിച്ച് കരുവാരകുിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് കാട്ടുതീക്കെതിരെയുള്ള ബോധവൽക്കരണ ജാഥയും തെരുനാടകവും സംഘടിപ്പിച്ചു. പരിസ്ഥിതി ദിനം, ജനസംഖ്യാദിനം, ഓസോൺദിനം, തണ്ണീർതടദിനം തുടങ്ങിയ ദിനാചരണങ്ങളിലെല്ലാം പരിസ്ഥിതി അവബോധ പ്രവർത്തനവുമായി സംഘാംഗങ്ങൾ സമൂഹമധ്യത്തിലേക്ക് ഇറങ്ങിച്ചെന്നു.

# വനശ്രീ അതിരുകളില്ലാത്ത ലോകത്തിലേക്ക്

ഞങ്ങളുടെ പ്രവർത്തനങ്ങൾ ലോക ജനതയെ അറിയിക്കാനും അവരുമായി ആശയവിനിമയം നടത്തുവാനും ഒരു ബ്ലോഗ് ആരംഭിച്ചിരിക്കുന്നു. www.ngcvanasree.blogspot.com, എന്നാണ് ബ്ലോഗിന്റെ വിലാസം. സംസ്ഥാന ഐ. ടി. @ സ്കൂൾ കോ-ഓർഡിനേറ്റർ ശ്രീ അൻവർ സാദത്ത് ആണ് ബ്ലോഗിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. www.ngcvanasree.hpage.com എന്നത് രൂപപ്പെട്ടുവരുന്ന വെബ് ആണ്.

ഈ വർഷം കഴിഞ്ഞ വർഷത്തെ പദ്ധതികളുടെ തുടർപ്രവർത്തനത്തോടൊപ്പം ഊർജ്ജസംരക്ഷണം എന്ന വിഷയത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ആലോചിക്കുന്നു.

*- നന്ദി നമസ്കാരം -*

***ജി. എച്ച്. എസ്. എസ്. കരുവാരകു്***